പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1578 | 16.03.2015 ലെ മറുപടിയ്ക്ക്

**രാസവള ദൗർലഭ്യം**

ചോദ്യം

ശ്രീ. എം.വി.ശ്രേയാംസ് കുമാർ
ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. പി.സി. ജോർജ്

മറുപടി

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) രാസവളങ്ങൾക്ക് ദൗർലഭ്യം നേരിടുന്നുണ്ടോ; എങ്കിൽ ഏതെല്ലാം വളങ്ങൾക്കാണ് ക്ഷാമം നേരിടുന്നത്;

(എ) 2014 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ സംസ്ഥാനത്ത് യൂറിയ വളത്തിന് ക്ഷാമം അനുഭവപ്പെട്ടിട്ടുണ്ട്.
മറ്റു വളങ്ങൾക്കൊന്നും തന്നെ ക്ഷാമം നേരിട്ടിട്ടില്ല. നിലവിൽ രാസവളങ്ങൾക്കൊന്നും തന്നെ സംസ്ഥാനത്ത് ക്ഷാമം അനുഭവപ്പെടുന്നില്ല.

(ബി) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തിക്കുന്ന രാസവളങ്ങൾ ഏതെല്ലാമാണ് ;

(ബി) കേന്ദ്ര ഗവൺമെന്റ് ഓരോ കമ്പനികൾക്കും അലോട്ട് ചെയ്യുന്ന രാസവളങ്ങൾ അന്യസംസ്ഥാനങ്ങളിലെ തുറമുഖങ്ങളിൽ ഇറക്കി അവിടെ നിന്നും കേരളത്തിലേയ്ക്ക് റെയിൽ/റോഡ് മാർഗ്ഗം കൊണ്ടുവരികയാണ് ചെയ്യുന്നത്.
യൂറിയ, ഡൈ അമോണിയം ഫോസ്ഫേറ്റ്, മ്യൂറേറ്റ് ഓഫ് പൊട്ടാഷ്, സിംഗിൾ സൂപ്പർ ഫോസ്ഫേറ്റ് എന്നീ വളങ്ങളാണ് അന്യസംസ്ഥാന തുറമുഖങ്ങൾ വഴി കേരളത്തിൽ എത്തിക്കുന്നത്.

(സി) ഖാരീഫ്, റാബി സീസണുകളിലേക്ക് ആവശ്യമായ രാസവളങ്ങളുടെ കേന്ദ്ര അലോട്ട്മെന്റ് എപ്രകാരമാണ്;

(സി) 2014-15 സാമ്പത്തിക വർഷം ഖാരീഫ് സീസണിലേക്കും റാബി സീസണുകളിലേക്കുമായി ആവശ്യമായി വരുന്ന രാസവളങ്ങളുടെ കേന്ദ്ര അലോട്ട്മെന്റ് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രാസവളത്തിന്റെ പേര് | ഖാരീഫ് 2014-15 (മെട്രിക് ടണ്ണിൽ) | റാബി 2014-15 (മെട്രിക് ടണ്ണിൽ) |
|---|---|---|---|
| 1. | യൂറിയ | 90000 | 80000 |
| 2. | ഡൈ അമോണിയം ഫോസ്ഫേറ്റ്, | 15000 | 10000 |
| 3. | മ്യൂറേറ്റ് ഓഫ് പൊട്ടാഷ് | 88000 | 75000 |
| 4. | കോംപ്ലക്സ് (എൻ.പി.കെ.) | 130000 | 100000 |
| 5. | സിംഗിൾ സൂപ്പർ ഫോസ്ഫേറ്റ് | 20000 | 5750 |

(ഡി) എഫ്.എ.സി.ടി. യിൽ യൂറിയയുടെ ഉല്പാദനം പുനരാരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ മുൻകൈ എടുത്ത് നടത്തുമോ ?

(ഡി) പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ